പാഠം 5

# അഹന്തയിൽനിന്ന് വിനയത്തിലേക്ക്

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: ദാനിയേൽ 4:1–33; 4:34–37; സദൃശ. 14:31; 2 രാജാ. 20:2–5; യോനാ. 3:10; ഫിലി. 2:1–11.**

**മനഃപാഠവാക്യം: "അവന്റെ അത്ഭുതങ്ങൾ എത്ര ശ്രേഷ്ഠമായവ! അവന്റെ രാജത്വം എന്നേക്കുമുള്ള രാജത്വവും അവന്റെ ആധിപത്യം തലമുറതലമുറയായുള്ളതുംതന്നെ" (ദാനി. 4:3).**

അഹന്ത (അഹങ്കാരം, നിഗളം) യഥാർത്ഥ മൂലപാപം എന്നു വിളിക്കപ്പെടുന്നു. സ്വർഗ്ഗത്തിന്റെ അകത്തളങ്ങളിൽ ഒരു മാലാഖ ആയിരുന്ന ലൂസിഫറിലാണ് അത് ആദ്യം പ്രകടമായത്. ദൈവം യെഹെസ്കേലിലൂടെ ഇപ്രകാരം അരുളിച്ചെയ്തു: "നിന്റെ സൗന്ദര്യം നിമിത്തം നിന്റെ ഹൃദയം ഗർവ്വിച്ചു; നിന്റെ പ്രഭ നിമിത്തം നീ നിന്റെ ജ്ഞാനത്തെ വഷളാക്കി; ഞാൻ നിന്നെ നിലത്തു തള്ളിയിട്ടു, രാജാക്കന്മാർ നിന്നെ കണ്ടു രസിക്കത്തക്കവണ്ണം നിന്നെ അവരുടെ മുമ്പിൽ ഇട്ടുകളഞ്ഞു" (യെഹെ. 28:17).

അഹന്ത ലൂസിഫറിന്റെ വീഴ്ചയിലേക്കു നയിച്ചു. അതുകൊണ്ട് അവൻ എണ്ണമില്ലാത്ത മറ്റുള്ളവരെ നാശത്തിലേക്കു നയിക്കുവാൻ തന്റെ അഹന്തയെ ഉപയോഗിക്കുന്നു. നാം എല്ലാവരും വീഴ്ച ഭവിച്ച മനുഷ്യജീവികളാണ്. നമ്മുടെ നിലനിൽപ്പിനു തന്നെയും നാം ദൈവത്തെ ആശ്രയിക്കുന്നവരാണ്. നമുക്ക് ഏതെല്ലാം വരങ്ങൾ ഉണ്ടായാലും, ആ വരങ്ങൾകൊണ്ടു നാം എന്തെല്ലാം സാധിച്ചാലും, അവയെല്ലാം ദൈവത്തിൽ നിന്നാണു വരുന്നത്. അങ്ങനെ ആയിരിക്കെ, വിനയം സകലത്തെയും അടക്കി വാഴേണ്ടിയിരിക്കെ, അഹന്തയും, വീമ്പും, അതൃപ്തിയും ഉള്ളവർ ആയിരിക്കുവാൻ നാം എങ്ങനെ ധൈര്യപ്പെടുന്നു?

വിനയത്തിന്റെ പ്രാധാന്യം ഗ്രഹിക്കുവാൻ നെബൂഖദ്നേസ്സറിന് ഏറെക്കാലം വേണ്ടിവന്നു. എരിയുന്ന തീച്ചൂളയിൽ നാലാമത്തെ ഒരു വ്യക്തിയെ കൂടി കണ്ടിട്ടും (കഴിഞ്ഞ ആഴ്ച) അവന്റെ ജീവിതവഴിക്കു മാറ്റം ഉണ്ടായില്ല. ദൈവം അവന്റെ രാജത്വം എടുത്തുകളഞ്ഞു, കാട്ടുമൃഗങ്ങളോടൊത്തു ജീവിക്കുവാൻ അയച്ചപ്പോൾ മാത്രമേ അവൻ തന്റെ യഥാർത്ഥ അവസ്ഥ തിരിച്ചറിഞ്ഞുള്ളൂ.

***ഈ ആഴ്ചയിലെ പാഠം പഠിച്ച് ഫെബ്രുവരി 1 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## ഇതു മഹതിയാം ബാബിലോൺ അല്ലയോ?

**ദാനിയേൽ 4:1–33 വായിക്കുക. രാജാവിന് എന്തു സംഭവിച്ചു? എന്തുകൊണ്ട്?**

ദൈവവും നെബൂഖദ്നേസ്സറിനു രണ്ടാമത് ഒരു സ്വപ്നം കൂടി നൽകി. ഇപ്രാവശ്യം രാജാവു സ്വപ്നം മറന്നില്ല. ബാബിലോണിലെ വിദ്വാന്മാർ വീണ്ടും പരാജയപ്പെട്ടെങ്കിലോ എന്നു ചിന്തിച്ചു രാജാവ് ദാനിയേലിനെത്തന്നെ വിളിപ്പിച്ചു. സ്വപ്നത്തിൽ, ആകാശത്തോളം വളർന്നെത്തിയ ഒരു വൃക്ഷത്തെയും അതിനെ വെട്ടിയിടുവാൻ ആജ്ഞാപിക്കുന്ന ഒരു സ്വർഗ്ഗീയ ജീവിയെയുമാണു രാജാവ് കണ്ടത്. വൃക്ഷത്തിന്റെ കുറ്റിയും വേരുകളും മാത്രമേ ആകാശത്തിലെ മഞ്ഞുകൊണ്ടു നനഞ്ഞു ഭൂമിയിൽ ശേഷിച്ചിരിക്കുവാൻ അനുവദിച്ചുള്ളൂ. സ്വർഗ്ഗീയ ജീവി ആജ്ഞാപിച്ചതും രാജാവിന്റെ മനസ്സിനെ അങ്കലാപ്പിലാക്കിയതുമായ വസ്തുത ഇതായിരുന്നു: “അവന്റെ മനുഷ്യസ്വഭാവം മാറി മൃഗസ്വഭാവമായിത്തീരട്ടെ; അങ്ങനെ അവൻ ഏഴുകാലം കഴിയട്ടെ” (ദാനി. 4:16). സ്വപ്നത്തിന്റെ ഗൗരവം ഗ്രഹിച്ച ദാനിയേൽ, അതു രാജാവിന്റെ ശത്രുക്കൾക്കു മാത്രം ഭവിക്കട്ടെ എന്നു വിനയത്തോടെ അറിയിച്ചു. എന്നാലും സ്വപ്നത്തിലൂടെ നൽകപ്പെട്ട ദൂതിനോടുള്ള വിശ്വസ്തതയിൽ സ്വപ്നം രാജാവിനെത്തന്നെ ഉദ്ദേശിച്ചുള്ളതാണ് എന്ന് ദാനിയേൽ വ്യക്തമാക്കി.

രാജാക്കന്മാർ, ദേശങ്ങൾ, സാമ്രാജ്യങ്ങൾ എന്നിവയുടെ സാദൃശ്യങ്ങൾ ആയിട്ടാണു ബൈബിളിൽ വൃക്ഷങ്ങളെ സാധാരണ ഉപയോഗിച്ചിരിക്കുന്നത് (യഹെ. 17,31; ഹോശെ. 14; സെഖ. 11:1,2; ലൂക്കൊ. 23:31). അങ്ങനെ, ഈ വലിയ വൃക്ഷം ഗർവ്വിയായ രാജാവിന് അനുയോജ്യമായ ദൃഷ്ടാന്തമാണ്. ദൈവം നെബൂഖദ്നേസ്സറിന് ആധിപത്യവും അധികാരവും കൊടുത്തു. ദൈവത്തിൽനിന്നാണ് തനിക്കുള്ളതൊക്കെ ലഭിച്ചതെന്നു തിരിച്ചറിയുവാൻ എന്തായാലും അവൻ നിരന്തരം പരാജയപ്പെട്ടു.

**ദാനിയേൽ 4:30 ശ്രദ്ധിക്കുക. ദൈവം നൽകിയ മുന്നറിയിപ്പ് അവൻ ഗ്രഹിച്ചിട്ടില്ല എന്നു കാണിക്കുന്ന രാജാവിന്റെ വാക്കുകൾ എന്തൊക്കെയാണ്?**

അഹന്തയെ സംബന്ധിച്ച ഏറ്റവും അപകടകരമായ കാര്യം, സകലത്തിനും നാം ദൈവത്തിൽ ആശ്രയിക്കേണ്ടിയിരിക്കുന്നു എന്ന വസ്തുത മറക്കുവാൻ അത് ഇടയാക്കുന്നു എന്നതാണ്. അങ്ങനെ ഒരിക്കൽ അതു നമ്മൾ മറക്കുമ്പോൾ നമ്മൾ ആത്മിക അപകടാവസ്ഥയിലാണ്.

**നിങ്ങൾ ജീവിതത്തിൽ എന്തെല്ലാം കാര്യങ്ങൾ സാധിച്ചിട്ടുണ്ട്? നിങ്ങൾക്ക് അവയിൽ അഹങ്കരിക്കാതെ അഭിമാനിക്കുവാൻ കഴിയുമോ? എങ്ങനെ?**

## പ്രവാചക മുന്നറിയിപ്പ്

**ദാനിയേൽ 4:27 വായിക്കുക. എന്താണ് സംഭവിക്കുവാൻ പോകുന്നതെന്ന മുന്നറിയിപ്പു കൂടാതെ, ദാനിയേൽ മറ്റെന്തു കാര്യം കൂടി രാജാവിനോടു പറഞ്ഞു, എന്തുകൊണ്ട്? (സദൃശ. 14:31).**

ദാനിയേൽ സ്വപ്നം വ്യാഖ്യാനിക്കുക മാത്രമല്ല, അവന്റെ ദുഃസ്ഥിതിയിൽനിന്നുള്ള നീക്കുപോക്കും നിർദ്ദേശിച്ചു: "ആകയാൽ രാജാവേ, എന്റെ ആലോചന തിരുമനസ്സിലേക്കു പ്രസാദമായിരിക്കട്ടെ, നീതിയാൽ പാപങ്ങളെയും ദരിദ്രന്മാർക്കു കൃപ കാട്ടുന്നതിനാൽ അകൃത്യങ്ങളെയും പരിഹരിച്ചുകൊള്ളുക; അതിനാൽ പക്ഷേ തിരുമനസ്സിലെ സുഖകാലം ദീർഘമായി നിൽക്കും" (ദാനി. 4:27).

നെബൂഖദ്നേസ്സർ ബാബിലോണിൽ വമ്പിച്ച നിർമ്മാണ പ്രവൃത്തികൾ ചെയ്തു. പൂന്തോട്ടങ്ങൾ, കനാൽ പദ്ധതികൾ, നൂറുകണക്കിനു ക്ഷേത്രങ്ങളും മറ്റു കെട്ടിടങ്ങളും നിർമ്മിച്ചു നഗരത്തെ പുരാതനലോകത്തിലെ ഒരു അതിശയമാക്കി മാറ്റി. എന്നാൽ അത്തരം ഗാംഭീര്യവും മനോഹാരിതയും, അടിമ മാനവശേഷി ഉപയോഗിച്ചും സാധുക്കളെ അവഗണിച്ചുമാണ് സാധിച്ചത്. അതിലുപരി, ഭണ്ഡാരത്തിലെ ധനം രാജാവിന്റെയും പരിവാരങ്ങളുടെയും സുഖാഹ്ലാദങ്ങൾക്കായി ധൂർത്തടിക്കപ്പെട്ടു. അങ്ങനെ നെബൂഖദ്നേസ്സറിന്റെ അഹന്ത ദൈവത്തെ അംഗീകരിക്കാതിരിക്കുക മാത്രമല്ല, സാധുക്കളുടെ ആവശ്യങ്ങളെ വിസ്മരിക്കുവാനും ഇടയാക്കി. സാധുക്കളോടുള്ള ദൈവത്തിന്റെ പ്രത്യേക കരുതലിൽ, നെബൂഖദ്നേസ്സറിന്റെ മറ്റു പാപങ്ങളെ എടുത്തുപറയാമായിരുന്നിട്ടും, സാധുക്കളെ അവഗണിച്ചതു ദാനിയേൽ വേർതിരിച്ചു ചൂണ്ടിക്കാണിച്ചു.

നെബൂഖദ്നേസ്സറിനുള്ള ഈ സന്ദേശം ഒരു വിധത്തിലും പുതിയ ഒന്നല്ല. പഴയനിയമ പ്രവാചകന്മാർ സാധുക്കളോടുള്ള പീഡനത്തിനെതിരേ കൂടെക്കൂടെ മുന്നറിയിച്ചിട്ടുണ്ട്. നിശ്ചയമായും രാജാവിന്റെ പ്രവാസത്തിനു കാരണമായ പാപങ്ങളിൽ സാധുക്കളെ പീഡിപ്പിച്ചതായിരുന്നു പ്രമുഖം. സർവ്വോപരി, സാധുക്കളോടുള്ള അനുകമ്പ ക്രിസ്തീയ സ്നേഹത്തിന്റെ ഏറ്റവും ഉന്നതമായ പ്രകാശനമാണ്. സാധുക്കളോടുള്ള ചൂഷണവും അവഗണനയുമാകട്ടെ ദൈവത്തെ തന്നെ കടന്നാക്രമിക്കുകയാണ്. സാധുക്കൾക്കായി കരുതുന്നതിൽ സകലവും ദൈവത്തിനു സ്വന്തമാണ് എന്നു നാം തിരിച്ചറിയുന്നു. അതിന്റെ അർത്ഥം, നാം ഉടമസ്ഥരല്ല, ദൈവത്തിന്റെ വസ്തുവകകളുടെ കേവലം സൂക്ഷിപ്പുകാർ മാത്രം ആണെന്നാണ്.

നമ്മുടെ സമ്പാദ്യങ്ങൾകൊണ്ടു നാം മറ്റുള്ളവരെ സേവിക്കുമ്പോൾ നാം ദൈവത്തെ ആദരിക്കുകയും അവിടുത്തെ കർത്തൃത്വത്തെ അംഗീകരിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ ഉടമസ്ഥതയാണ് ഭൗതിക സമ്പാദ്യങ്ങളുടെ വിലയും ധർമ്മവും അന്തിമമായി നിശ്ചയിക്കുന്നത്. ഇവിടെയാണ് നെബൂഖദ്നേസ്സർ പരാജയപ്പെട്ടത്. നമ്മുടെ നേട്ടങ്ങളിൽ ദൈവത്തിന്റെ പരമാധികാരത്തെ അംഗീകരിക്കാതെയും ആവശ്യക്കാരെ സഹായിക്കുന്നതിലൂടെ ഈ യാഥാർത്ഥ്യത്തിന്റെ തിരിച്ചറിവിനെ പ്രകടിപ്പിക്കാതെയും ഇരിക്കുമ്പോൾ നാമും പരാജയത്തിന്റെ അപകടാവസ്ഥയിലാണ്.

## അത്യുന്നതൻ വാഴുന്നു

മാനസാന്തരപ്പെട്ടു ദൈവത്തിന്റെ ക്ഷമ തേടുവാൻ അറിയിപ്പ് ഉണ്ടായിരുന്നിട്ടും നെബൂഖദ്നേസ്സറിന്റെ മർക്കടമുഷ്ടിയോടുകൂടിയ അഹന്ത, സ്വർഗ്ഗീയവിധി നടപ്പിലാക്കുവാൻ കാരണമായി (ദാനി. 4:28–33). താൻ എന്തെല്ലാം സാധിച്ചു എന്നതിലുള്ള സ്വയം പുകഴ്ചയുമായി കൊട്ടാരത്തിൽ ഉലാവിക്കൊണ്ടിരിക്കുമ്പോൾ പെട്ടെന്നു നെബൂഖദ്നേസ്സറിന്റെ മനോനില തെറ്റി, അതു രാജകൊട്ടാരത്തിൽനിന്ന് അവനെ പുറത്താക്കുവാൻ കാരണവുമായി. അകാരണമായ അസ്വസ്ഥതമൂലമുള്ള ഒരു രോഗാവസ്ഥ രാജാവിന് അനുഭവപ്പെട്ടു. അത്തരം അവസ്ഥ ഒരാൾക്കു മൃഗത്തെപ്പോലെ പെരുമാറുവാൻ ഇടയാക്കുന്നു. ...ശരീരം മറ്റേതോ തരം (species) ജന്തുവിന്റെ ആണെന്നു തോന്നുകയും മൃഗം ആയിത്തീരാൻ ആഗ്രഹിക്കുകയും ചെയ്യുന്ന ഒരു അവസ്ഥ ആണിത്.

**2 രാജാക്കന്മാർ 20:2–5; യോനാ. 3:10; യിരെ. 18:7,8 വായിക്കുക. ശിക്ഷ ഒഴിവാക്കി കിട്ടുവാൻ രാജാവിന് ഉണ്ടായിരുന്ന സാധ്യതയെക്കുറിച്ച് ഈ വാക്യങ്ങൾ എന്തു പറയുന്നു?**

നിർഭാഗ്യവശാൽ നെബൂഖദ്നേസ്സറിനു കഠിനമായ മാർഗ്ഗം പഠിക്കേണ്ടിവന്നു. രാജാധികാരം ഉണ്ടായിരുന്നപ്പോൾ, ദൈവവുമായുള്ള ബന്ധത്തെക്കുറിച്ചു ചിന്തിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നില്ല. അങ്ങനെ, രാജാധികാരം എടുത്തുകളഞ്ഞു. കാട്ടിലെ മൃഗങ്ങളോടുകൂടെ ജീവിക്കുവാൻ അയച്ചുകൊണ്ട്, ദൈവം രാജാവിനു ദൈവത്തിലുള്ളതായ പൂർണ്ണാശ്രയത്തെ അംഗീകരിക്കുവാൻ ഒരു അവസരം നൽകി. വാസ്തവത്തിൽ, ദൈവം അഹങ്കാരിയായ രാജാവിനെ പഠിപ്പിക്കുവാൻ ഉദ്ദേശിച്ച അന്തിമപാഠം, “സ്വർഗ്ഗം വാഴുന്നു” (ദാനി. 4:26) എന്നതായിരുന്നു. നിശ്ചയമായും, രാജാവിന്മേലുണ്ടായ ന്യായവിധിയുടെ ദൈവപദ്ധതിക്കു കുറെക്കൂടെ വലിയ ഒരു ഉദ്ദേശ്യം ഉണ്ടായിരുന്നു. സ്വർഗ്ഗീയ ജീവിയുടെ (ദൂതൻ) വിധി പ്രസ്താവത്തിൽ അതു വ്യക്തമാണ്: “അത്യുന്നതനായവൻ മനുഷ്യരുടെ രാജത്വത്തിന്മേൽ വാഴുകയും അതിനെ തനിക്കു ബോധിച്ചവനു കൊടുക്കുകയും മനുഷ്യരിൽ അധമനായവനെ അതിന്മേൽ വാഴിക്കുകയും ചെയ്യുന്നു എന്നു ജീവനോടിരിക്കുന്നവർ അറിയേണ്ടതിന്...” (ദാനി. 4:17).

വേറൊരുവിധത്തിൽ പറഞ്ഞാൽ, നെബൂഖദ്നേസ്സറിന്മേൽ പ്രയോഗിച്ച അച്ചടക്ക നടപടി നമുക്കെല്ലാവർക്കും ഒരു പാഠമാണ്. നാം “ജീവിച്ചിരിക്കുന്നവരിൽ” ഉൾപ്പെട്ടവരായതിനാൽ, അത്യുന്നതൻ മനുഷ്യരുടെ രാജത്വത്തിന്മേൽ വാഴുന്നു എന്നു പഠിക്കുവാൻ നാം കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.

**“അത്യുന്നതൻ വാഴുന്നു” എന്ന പാഠം നമുക്കും എന്തുകൊണ്ട് അത്രയേറെ പ്രധാനമാണ്? നമുക്ക് അധികാരം ഉള്ളവരുടെ മേലുള്ള നമ്മുടെ പെരുമാറ്റങ്ങളെ ഈ അറിവ് എങ്ങനെ സ്വാധീനിക്കണം?**

## സ്വർഗ്ഗത്തിലേക്കു കണ്ണുയർത്തി

**ദാനിയേൽ 4:34–37 വായിക്കുക. രാജാവിനു കാര്യങ്ങൾ എങ്ങനെ, എന്തുകൊണ്ടു മാറിവന്നു.**

ദൈവം നെബൂഖദ്നേസ്സറിനു വിചിത്രമായ ഒരു രോഗം ബാധിക്കുവാൻ അനുവദിച്ചു. കാലക്രമേണ ദൈവം അവന് ആരോഗ്യമുള്ള മനസ്സ് പുനസ്ഥാപിക്കുകയും ചെയ്തു. രസകരമായി, അതോടെ കാര്യങ്ങൾ മാറി, പ്രവാചകൻ പറഞ്ഞ ഏഴു വർഷങ്ങളുടെ ഒടുവിൽ ദുഃഖിതനായിരുന്ന രാജാവ് സ്വർഗ്ഗത്തിലേക്കു തന്റെ കണ്ണുകളുയർത്തി (ദാനി. 4:34).

"ഏഴു വർഷക്കാലം നെബൂഖദ്നേസ്സർ തന്റെ പ്രജകൾക്കെല്ലാം ഒരു ആശ്ചര്യം ആയിരുന്നു. അക്കാലമത്രയും അവൻ മുഴുലോകത്തിനു മുമ്പിൽ തരം താഴ്ത്തപ്പെട്ടിരുന്നു. പിന്നെ അവന്റെ സ്വബോധം ഉണർന്നു, വിനയത്തോടെ സ്വർഗ്ഗത്തിലെ ദൈവത്തിലേക്കു നോക്കി, തന്റെ ഗുണീകരണത്തിനായുള്ള ശിക്ഷാനടപടിയിൽ ദിവ്യകരങ്ങളെ ദർശിച്ചു. ഒരു പരസ്യ വിളംബരത്തിൽ തന്റെ കുറ്റം ഏറ്റു പറഞ്ഞു, തന്റെ യഥാസ്ഥാപനത്തിലെ ദൈവത്തിന്റെ വലിയ കരുണയെ സമ്മതിക്കുകയും ചെയ്തു." Ellen G. White, Prophets and Kings, p. 520.

തർക്കമില്ല, നാം സ്വർഗ്ഗത്തിലേക്കു കണ്ണുകളുയർത്തുമ്പോൾ വലിയ മാറ്റങ്ങൾ സംഭവിക്കും. സ്വബോധം മടങ്ങിവന്ന ഉടനെ ഈ പാഠം പഠിച്ചെന്നതിനു രാജാവ് തെളിവു നൽകി.

പക്ഷേ ഈ കഥ നെബൂഖദ്നേസ്സറിനെക്കുറിച്ചല്ല, ദൈവത്തിന്റെ കരുണയെ കുറിച്ചാണ് അധികം പറയുന്നത്. യിസ്രായേലിന്റെ ദൈവത്തെ കർത്താവായി സ്വീകരിക്കുന്നതിനു രാജാവ് മൂന്നു മുൻ അവസരങ്ങൾ നഷ്ടമാക്കി. നാല് എബ്രായ യുവാക്കളുടെ അസാധാരണ ജ്ഞാനം ബോദ്ധ്യപ്പെട്ടപ്പോൾ അതിനുള്ള അവസരം രാജാവിനു ലഭിച്ചതാണ് (ദാനി. 1). ദാനിയേൽ സ്വപ്നം വ്യാഖ്യാനിച്ചപ്പോഴും (ദാനി. 2), മൂന്ന് എബ്രായരെ തീച്ചൂളയിൽനിന്നു രക്ഷിച്ചതിലും (ദാനി. 3) രാജാവിന് അതേ, അവസരം ലഭിച്ചു. സർവ്വോപരി, അത്തരം വിടുവിക്കൽ അവനെ വിനയപ്പെടുത്തിയില്ലെങ്കിൽ പിന്നെ എന്തിനു കഴിയും? ഭരണാധിപന്റെ ദുശ്ശാഠ്യത്തിലും ദൈവം അവനു നാലാമത് ഒരവസരംകൂടി നൽകിക്കൊണ്ട് ഒടുവിൽ അവന്റെ ഹൃദയത്തെ നേടുകയും അവനെ രാജസ്ഥാനത്തു പുനസ്ഥാപിക്കുകയും ചെയ്തു (ദാനി. 4). ദൈവം നമ്മെയും തന്നോടുള്ള ശരിയായ ബന്ധത്തിൽ കൊണ്ടുവരുന്നതിനായി, നെബൂഖദ്നേസസ്സറിന്റെ അനുഭവം വിശദമാക്കുന്നതുപോലെ ഒന്നൊന്നായി അവസരങ്ങൾ നൽകുന്നു. പല നൂറ്റാണ്ടുകൾക്കുശേഷം പൗലൊസ് എഴുതി, "എല്ലാവരും രക്ഷിക്കപ്പെടണമെന്നും സത്യത്തിന്റെ പരിജ്ഞാനത്തിൽ വരണമെന്നും കർത്താവ് ആഗ്രഹിക്കുന്നു" (1 തിമൊ. 2:4). ആ സത്യത്തിന്റെ ശക്തമായ ഒരു മാതൃക ഈ കഥയിൽ നാം കാണുന്നു.

**ദൈവം നിങ്ങളെ വിനയപ്പെടുത്തിയത് ഏതെല്ലാം വഴികളിലായിരുന്നു? അനുഭവത്തിൽനിന്ന് എന്തു പഠിച്ചു? വീണ്ടും പഠിപ്പിക്കാതിരിക്കാൻ നിങ്ങൾക്ക് എന്തെല്ലാം മാറ്റങ്ങൾ ആവശ്യമാണ്?**

## വിനീതനും നന്ദിയുള്ളവനും

**അനുതപിച്ച രാജാവു പ്രസ്താവിച്ചു: "അവൻ സർവ്വഭൂവാസികളെയും നാസ്തിയായി എണ്ണുന്നു" (ദാനി. 4:35). നല്കപ്പെട്ടിരിക്കുന്ന പശ്ചാത്തലത്തിൽ അവൻ സുപ്രധാനമായ എന്തു കാര്യമാണ് പറയുന്നത്?**

സത്യദൈവത്തെ നെബൂഖദ്നേസ്സർ വാസ്തവമായി സ്വീകരിച്ചു എന്നു നമുക്ക് എങ്ങനെ അറിയാം? ദാനിയേൽ 4 ന്റെ എഴുത്തുകാരൻ നെബൂഖദ്നേസ്സർ തന്നെ ആണെന്ന വസ്തുതയെ, അതിന് ഒരു ശക്തമായ തെളിവായി നാം കാണുന്നു. രാജാവു തന്റെ വിശാലമായ രാജ്യത്തു വിതരണം ചെയ്ത ഒരു കത്തിന്റെ പകർത്തിയെഴുത്തായി ഈ അദ്ധ്യായത്തിന്റെ അധികഭാഗവും കാണപ്പെടുന്നു. ഈ കത്തിൽ രാജാവു തന്റെ അഹന്തയെയും ചിത്തഭ്രമത്തെയും സംബന്ധിച്ചു പറയുകയും തന്റെ ജീവിതത്തിലെ ദൈവത്തിന്റെ ഇടപെടലിനെ വിനയത്തോടെ അംഗീകരിക്കുകയും ചെയ്യുന്നു. പുരാതന രാജാക്കന്മാർ വളരെ അപൂർവ്വമായി മാത്രമേ തങ്ങളുടെ അപകീർത്തികരമായ കാര്യങ്ങളെക്കുറിച്ചു എഴുതുമായിരുന്നുള്ളൂ. യഥാർത്ഥത്തിൽ എല്ലാ പുരാതന രാജരേഖകളും രാജാക്കന്മാരെ പുകഴ്ത്തുന്നവയായി മാത്രമേ നാം അറിയുന്നുള്ളൂ. തന്റെ അഹന്തയെയും തന്റെ മൃഗസമാനമായ പെരുമാറ്റത്തെയും തുറന്നു സമ്മതിക്കുന്ന ഇത്തരം ഒരു രേഖ, അതുകൊണ്ടുതന്നെ, യഥാർത്ഥമായ മാനസാന്തരത്തെ സൂചിപ്പിക്കുന്നു. അതോടൊപ്പം, തന്റെ അനുഭവങ്ങളെ പുനരാവിഷ്കരിച്ചുകൊണ്ടും, ദൈവത്തിന്റെ പരമാധികാരത്തെ വിനയത്തോടെ ഏറ്റുപറഞ്ഞുകൊണ്ടും ഒരു കത്ത് എഴുതിയതിലൂടെ രാജാവ് ഒരു മിഷനറി ആയി പ്രവർത്തിക്കുകയായിരുന്നു. സത്യദൈവത്തിൽനിന്നു പഠിച്ചതും അനുഭവപ്പെട്ടതുമായ കാര്യങ്ങളെ തന്നിൽത്തന്നെ ഒതുക്കിവെക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. രാജാവിന്റെ പ്രാർത്ഥനയിലും സ്തുതിയിലും (ദാനി. 4:34–37) നാം കാണുന്ന കാര്യങ്ങൾ അദ്ദേഹത്തിന്റെ അനുഭവങ്ങളുടെ യാഥാർത്ഥ്യത്തെ വെളിപ്പെടുത്തുന്നു.

രാജാവിന് ഇപ്പോൾ വ്യത്യസ്ത മൂല്യങ്ങൾ ആണുള്ളത്. മനുഷ്യശക്തിയുടെ പരിമിതി ഇപ്പോൾ അദ്ദേഹത്തിനു ബോദ്ധ്യമുണ്ട്. ഹൃദയം കവരുന്ന ഒരു സ്തോത്രാർപ്പണ പ്രാർത്ഥനയിൽ രാജാവ് ദാനിയേലിന്റെ ദൈവത്തിന്റെ ശക്തിയെ ശ്ലാഘിച്ചുകൊണ്ട് ഏറ്റുപറഞ്ഞു, "അവിടുന്നു സർവ്വഭൂവാസികളെയും നാസ്തിയായി എണ്ണുന്നു" (ദാനി. 4:35) അങ്ങനെ, നെബൂഖദ്നേസ്സറിനെ ദാനിയേൽ പുസ്തകത്തിന്റെ ഒടുവിൽ വിനീതനും നന്ദിയുള്ളവനും ദൈവത്തിനു സ്തുതി പാടുന്നവനും അഹംഭാവത്തിനെതിരെ നമുക്കു മുന്നറിയിപ്പു നൽകുന്നവനുമായി കാണുന്നു.

അതേ, ദൈവം ഇന്നും ജീവിതങ്ങളിൽ മാറ്റം വരുത്തുന്നു. മനുഷ്യർ എത്ര അഹംഭാവികളും പാപികളും ആയിരുന്നാലും മത്സരികളായ പാപികളെ ദൈവമക്കൾ ആക്കുവാനുള്ള കരുണയും ശക്തിയും ദൈവത്തിലുണ്ട്.

**ഫിലിപ്പിയർ 2:1–11 വായിക്കുക. അഹന്തയെ നീക്കുവാൻ നാം ഇവിടെ എന്തു കാണുന്നു?**

## കൂടുതൽ പഠനം:

ഒരിക്കൽ അഹംഭാവി ആയിരുന്ന സർവ്വാധിപൻ ദൈവത്തിന്റെ താഴ്മയുള്ള ഒരു മകനായി; സ്വേച്ഛാധിപതിയും ധിക്കാരിയുമായവൻ, ബുദ്ധിമാനും അനുകമ്പയുമുള്ള രാജാവുമായി സ്വർഗ്ഗത്തിലെ ദൈവത്തെ വെല്ലുവിളിക്കയും നിന്ദിക്കുകയും ചെയ്തവൻ, ഇപ്പോൾ അത്യുന്നതന്റെ അധികാരത്തെ അംഗീകരിച്ചു യഹോവ ഭക്തിയെയും തന്റെ പ്രജകളുടെ സന്തോഷത്തെയും പ്രോത്സാഹിപ്പിക്കുവാൻ ആത്മാർത്ഥമായി അന്വേഷിക്കുന്നു. രാജാധിരാജാവും കർത്താധികർത്താവും ആയവന്റെ ശാസനയിൽ, യഥാർത്ഥ മഹിമ യഥാർത്ഥ നന്മയിൽ അടങ്ങിയിരിക്കുന്നു എന്നു സകല ഭരണ കർത്താക്കളും അറിഞ്ഞിരിക്കേണ്ട സത്യം ഒടുവിൽ നെബൂഖദ്നേസ്സർ പഠിച്ചു. യഹോവയെ ജീവനുള്ള ദൈവമായി അംഗീകരിച്ചുകൊണ്ട് അവൻ ഏറ്റു പറഞ്ഞു 'ഇപ്പോൾ നെബൂഖദ്നേസ്സർ എന്ന ഞാൻ സ്വർഗ്ഗസ്ഥനായ രാജാവിനെ സ്തുതിച്ചു പുകഴ്ത്തി ബഹുമാനിക്കുന്നു; അവന്റെ പ്രവൃത്തികളൊക്കെയും സത്യവും അവന്റെ വഴികൾ ന്യായവും ആകുന്നു; നിഗളിച്ചു നടക്കുന്നവരെ താഴ്ത്തുവാനും അവൻ പ്രാപ്തൻ തന്നെ' (ദാനി. 4:37).

"ലോകത്തിലെ ഏറ്റവും വലിയ സാമ്രാജ്യം തന്റെ പുകഴ്ചയെ പ്രസിദ്ധമാക്കണമെന്ന ദൈവത്തിന്റെ ഉദ്ദേശ്യം ഇപ്പോൾ നിറവേറി. ദൈവത്തിന്റെ കരുണയെയും നന്മയെയും അധികാരത്തെയും അംഗീകരിച്ച നെബൂഖദ്നേസ്സറിന്റെ ഈ പരസ്യ വിളംബരം, വിശുദ്ധചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള അവന്റെ അന്ത്യനടപടിയാണ്." (Ellen G. White, Prophets and kings, p. 521))

**ചർച്ചയ്ക്കായുള്ള ചോദ്യങ്ങൾ:**

1. **അഹന്ത (Pride) മറ്റെല്ലാ ദുശ്ചിന്തകളിലേക്കും നയിക്കുന്നു, ഇതു പരിപൂർണ്ണമായ ദൈവവിരുദ്ധ മനഃസ്ഥിതിയാണ്. ഇതു നിങ്ങൾക്ക് അതിശയോക്തി ആയി തോന്നുന്നുണ്ടോ? അങ്ങനെയെങ്കിൽ വീണ്ടും ചിന്തിക്കുക... ഒരാൾക്ക് അധികം നിഗളം (അഹന്ത, അഹങ്കാരം) ഉണ്ടാകുന്തോറും അയാൾ മറ്റുള്ളവരിൽ അത് ഇഷ്ടപ്പെടുന്നില്ല. വാസ്തവത്തിൽ നിങ്ങൾ എത്രമാത്രം അഹംഭാവി ആണെന്ന് അറിയണമെങ്കിൽ, നിങ്ങളോടുതന്നെ ചോദിക്കുക; 'മറ്റുള്ളവർ എന്നെ അവഹേളിക്കുമ്പോഴോ, എന്നെ അവഗണിക്കുമ്പോഴോ, അതിഭവ്യത കാട്ടുമ്പോഴോ അല്ലെങ്കിൽ മോടി കാണിക്കുമ്പോഴോ ഞാൻ അത് എത്രമാത്രം ഇഷ്ടപ്പെടാതിരിക്കുന്നു? കാര്യം ഇതാണ്: ഓരോ വ്യക്തിയുടെയും അഹംഭാവം (Pride) മറ്റുള്ളവരുടേതുമായി എപ്പോഴും മത്സരത്തിലാണ്. അത് എന്തുകൊണ്ടെന്നാൽ, പാർട്ടിയിൽ എന്റേതായിരിക്കണം വലിയ ശബ്ദം എന്നാണ് ഞാൻ ആഗ്രഹിക്കുന്നത്, മറ്റൊരാളിന്റേതു വലിയ ശബ്ദം ആകുമ്പോൾ അതു ഞാൻ ഇഷ്ടപ്പെടുന്നില്ല. ഒരു തൊഴിലിൽ രണ്ടുപേർ പരസ്പരം യോജിക്കില്ല." C.S. Lewis, Mere Christianity (New York: Touchstone, 1996) p, 110.**

   **നിങ്ങളുടെ ജീവിതത്തിൽ നിഗളം (അഹന്ത, അഹങ്കാരം – Pride) ഉണ്ടോ എന്നറിയുന്നതിൽ സഹായിച്ചേക്കാവുന്ന എന്തു കാര്യമാണ് ലൂവിസ് ഇവിടെ പറയുന്നത്?**

2. **ഈ അദ്ധ്യായത്തിലും മുൻ അദ്ധ്യായങ്ങളിലും കാണപ്പെടുന്ന പ്രതിപാദ്യവിഷയം ദൈവത്തിന്റെ പരമാധികാരമാണ്. ഇത് ഇത്രമാത്രം പ്രധാനം ആയിരിക്കുന്നത് എന്തുകൊണ്ടാണ്? ഈ നിർണ്ണായക സത്യം മനസ്സിലാക്കുന്നതിൽ ശബ്ബത്തിന്റെ പങ്ക് എന്താണ്?**